**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5110** **20-03-2025 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ബാലുശ്ശേരി പറമ്പിൻ മുകളിലുള്ള വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി കോഴിക്കോട് ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശത്തിലുള്ള 13.96 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എൻജിനീയർ കേരള പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കോഴിക്കോട് 20/06/2022 ന് അർത്ഥന സമർപ്പിച്ചിട്ടുള്ളതാണ്. ടി പ്രൊജക്റ്റിന്റെ ഡി.പി.ആർ. ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുള്ളതുമാണ് |
| (ബി) | പ്രസ്തുത ഭൂമി ലഭിക്കാതെ മിനി സിവിൽ സ്റ്റേഷന്റെ പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമി കൂടി ലഭിച്ചാൽ മാത്രമേ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. നിലവിൽ പ്രസ്തുത മിനി സിവിൽ സ്റ്റേഷനു വേണ്ടിയുള്ള കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ First Basement Floor -ൽ 775 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തിൽ 18 കാറുകൾക്ക് Drive -way സഹിതം പാർക്ക് ചെയ്യുവാനുള്ള സൗകര്യമാണ് ചീഫ് ആർക്കിടെക്റ്റ്, തിരുവനന്തപുരം തയ്യാറാക്കിയ പ്ലാനിൽ ഉള്ളത്. കെട്ടിടത്തിന്റെ മുൻവശത്തായി 13.96 ആർസ് ഭൂമി ഏറ്റെടുക്കുന്ന പക്ഷം കൂടുതൽ വാഹനങ്ങൾക്ക് പാർക്കിംങ് സൗകര്യം ലഭ്യമാകുന്നതാണ്. |
| (സി) | വ്യവസായ വകുപ്പിന് പ്രസ്തുത ഭൂമിയുടെ കൈവശാവകാശം എപ്രകാരമാണ് ലഭിച്ചിട്ടുള്ളതെന്നും എന്നുമുതലാണ് ലഭിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം വകുപ്പിൽ ലഭ്യമാണോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ? | (സി) | ബാലുശ്ശേരി സബ് രജിസ്ട്രാർ ഓഫീസിലെ 1813/1977, 815/1987, 891/1987 എന്നീ നമ്പർ ആധാരങ്ങൾ പ്രകാരം 27.53 ആർസ് ഭൂമി, ബാലുശ്ശേരി പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടം നിർമ്മിക്കുന്നതിന് മാനേജിങ് ഡയറക്ടർ, കോഴിക്കോട് ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് സൗജന്യമായി കൈമാറിയിട്ടുള്ളതാണ്. എന്നാൽ അടങ്കൽ |

| | | | |
|---|---|---|---|
| | | | അപ്പെൻഡിക്സ് പകർപ്പിൽ ടി ഭൂമി ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ കൈവശമാണ് കാണുന്നത്. ഗ്രാമ പഞ്ചായത്ത് ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് ഭൂമി കൈമാറിയ രേഖപ്പെടുത്തലുകൾ അടങ്കൽ അപ്പൻഡിക്സിൽ കാണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ